**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3318** — **08-10-2025 - ൽ മറുപടിയ്ക്ക്**

**കെ. ആർ. എഫ്. ബി. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിലുള്ള കേരള റോഡ് ഫണ്ട് ബോർഡ് (കെ. ആർ. എഫ്. ബി.) പദ്ധതിയുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | ആലപ്പുഴ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കെ.ആർ.എഫ്.ബി. - പി.എം.യു. മുഖേന നടത്തിവരുന്ന പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br>1.ശവക്കോട്ട പാലം, കൊമ്മാടി പാലം & എ. എസ്. കനാൽ വെസ്റ്റ് ബാങ്ക് റോഡ് :<br><br>പ്രസ്തുത പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകുകയും 28.45 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തു. തുടർന്ന് 23.81 കോടി രൂപയ്ക്ക് കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ ശവക്കോട്ട, കൊമ്മാടി പാലങ്ങൾ പൂർത്തീകരിച്ചു, റോഡ് വർക്ക് പുരോഗമിക്കുന്നു.<br><br>2. ജില്ലാകോടതി പാലം :<br><br>പ്രസ്തുത പ്രവൃത്തിക്ക് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകി. തുടർന്ന് 120.52 കോടി രൂപയുടെ സാമ്പത്തികാനുമതിയും 120.03 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 85.64 കോടി രൂപക്ക് കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിലുള്ള പാലത്തിന്റെ കിഴക്കേ സൈഡിൽ പുന്നമട റോഡിലെ പൈലിങ് പ്രവർത്തികൾ പുരോഗമിക്കുന്നു. ആകെയുള്ള 168 പൈലുകളിൽ 75എണ്ണം പൂർത്തീകരിച്ചു. കൂടാതെ 31 പൈൽ ക്യാപ്പുകളിൽ 8 എണ്ണവും 84 പിയറുകളിൽ 6 എണ്ണവും 24 പിയർ ക്യാപ്പുകളിൽ 6 എണ്ണവും 8 ഗർഡറും പൂർത്തീകരിച്ചിട്ടുണ്ട്.<br><br>3. പുന്നമട- നെഹ്റു ട്രോഫി പാലം : |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവൃത്തിക്ക് 44.80 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും 57.12 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തു. തുടർന്ന് 44.25 കോടി രൂപയുടെ കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ പൈലിംഗ് പ്രവർത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 46/78 പൈലുകൾ, 9/30 പൈൽ ക്യാപ്, 18/60 പിയർ, 3/32 പിയർ ക്യാപ് എന്നിവ പൂർത്തിയായിരിക്കുന്നു.<br><br>4. പള്ളാത്തുരുത്തി - കിഴക്കൻ ബൈപ്പാസ് :<br><br>പ്രസ്തുത പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി. ടി പ്രവൃത്തി നിലവിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പുന്നമട നെഹ്റു ട്രോഫി പാലത്തിന്റെ കണക്ടിവിറ്റി ആയി വരുന്നതാണ്. കിഴക്കൻ ബൈപ്പാസിന്റെ 6.67 കിലോമീറ്റർ വരുന്ന ആദ്യ റീച്ചിന്റെ ഡി പി ആർ ചീഫ് എഞ്ചിനീയർ ഡിസൈൻ മുഖാന്തിരം തയ്യാറാക്കി വരുന്നു.<br><br>5. കോസ്റ്റൽ ഹൈവേ സ്ട്രെച്ച് 1എ :<br><br>പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 186.51 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.<br><br>6. കോസ്റ്റൽ ഹൈവേ സ്ട്രെച്ച് 2 :<br><br>പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 91.02 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൻ കീഴിൽ KRFB ഫണ്ടിൽ ഉൾപ്പെടുത്തി - ആലപ്പുഴ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് - Development of Muppalam Junction എന്ന പ്രവൃത്തി ആലപ്പുഴ അമ്പലപ്പുഴ മണ്ഡലങ്ങളിലായി നിലവിലുണ്ടായിരുന്ന മൂന്ന് പാലങ്ങളും പൊളിച്ചു മാറ്റി പുതിയ 4 പാലങ്ങൾ ചേരുന്ന രീതിയിൽ പുനർനിർമ്മിച്ചു. 17.44 കോടി ഭരണാനുമതിയുള്ള പ്രവൃത്തി 2025 മാർച്ച് മാസത്തിൽ പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ